മി. ഡെപ്യൂട്ടീ സ്പീക്കർ: കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററല്ലേ ആവശ്യം.

ശ്രീ. കെ. കെ. ഷാജു: കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ്. പക്ഷേ ഞാൻ നാല് വർഷത്തിനിടയിൽ 120 തവണ മന്ത്രിയുടെ ഓഫീസിൽ കയറിയിറങ്ങി. അഞ്ച് പ്രാവശ്യം ഞാൻ മന്ത്രിയെ കാണാൻ പോയെങ്കിലും കാണാതിരുന്നതിനു തുല്യമാണ്, എന്റെ കെട്ടിടത്തിന്റെ കാര്യം എങ്ങുമെത്തിയില്ല. ഇപ്പോൾ പറഞ്ഞു കേൾക്കുന്നത് വിഷൻ 2010 ഉപേക്ഷിച്ചുകഴിഞ്ഞുവെന്നാണ്. എങ്ങനെ ഉപേക്ഷിച്ചാലും 2010 തീർന്നിട്ടില്ല. 2010 ഇപ്പോൾ ഏഴാം മാസം ആകുന്നതേയുള്ളൂ. ഇനി അഞ്ച് മാസം കിടക്കുകയാണ്. അഞ്ചുമാസംമുമ്പ് മന്ത്രി ഈ വിഷൻ 2010 ഉപേക്ഷിച്ചാലും എന്റെ കെട്ടിടം ഉപേക്ഷിക്കരുത് എന്നുള്ള വിനീതമായിട്ടുള്ള ഒരഭ്യർത്ഥനയാണ് എനിക്കുള്ളത്. അതുകൊണ്ട് അത് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നടത്താനുള്ള ഒരു അംഗീകാരം തരണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2010-ലെ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. അടിയന്തരമായി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(11) ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കാസർഗോഡ് ജില്ലയിലെ സുപ്രധാന മത്സ്യബന്ധന കേന്ദ്രമാണ് അജാനൂർ ഗ്രാമപഞ്ചായത്തിന്റെ ചിറ്റാരിക്കടപ്പുറം. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി, അജാനൂർ പഞ്ചായത്ത്, പള്ളിക്കര പഞ്ചായത്തുകൾ എന്നിവ ചേരുന്ന ചിറ്റാരിക്കടപ്പുറത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കണമെന്നുള്ളത് ദീർഘകാലമായി ഈ പ്രദേശത്തെ ജനങ്ങൾ മുന്നോട്ടു വയ്ക്കുന്ന ഒരാവശ്യമാണ്. ചിറ്റാരിപ്പുഴയുടെ അഴിമുഖത്തും പരിസരത്തുമായി ഹാർബർ നിർമ്മാണത്തിനാവശ്യമായ അനുയോജ്യമായ നൂറ് ഏക്കറിലേറെ റവന്യൂ സ്ഥലം ലഭ്യമാണ്. കാസർഗോഡ് ജില്ലയുടെ ഏറെക്കുറെ മദ്ധ്യഭാഗത്തായി വരുന്ന അജാനൂർ-ചിറ്റാരി കടപ്പുറത്ത് ഫിഷിംഗ് ഹാർബർ നിർമ്മിച്ചാൽ അത് ജില്ലയ്ക്ക് മുഴുവനും പ്രയോജനപ്പെടുന്ന ഒരു ഫിഷിംഗ് ഹാർബറായി മാറും. ജനങ്ങളുടെ ചിരകാലാഭിലാഷമായ അജാനൂർ ഫിഷിംഗ് ഹാർബർ നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജകമണ്ഡലത്തിൽപ്പെട്ട ചിറ്റാരിക്കടപ്പുറം ഉൾപ്പെടുന്ന അജാനൂർ ഭാഗത്ത് ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കണമെന്ന ആവശ്യം ശ്രീ. കെ. വി. കുഞ്ഞിരാമൻ എം.എൽ.എ. ദീർഘകാലമായി ഉന്നയിച്ചുവരികയാണ്. നാടൻ തോണികളും ഫൈബർ വള്ളങ്ങളും ധാരാളമുള്ള അജാനൂർ കടപ്പുറം ഭാഗത്ത് സമഗ്ര തീരദേശ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 36 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് അനുവാദം നൽകി പണി പൂർത്തിയായിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കണമെന്ന ഈ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ അഭിലാഷം സാക്ഷാത്ക്കരിക്കുന്നതിനായി സാധ്യതാപഠനം നടത്തുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി അയച്ചുതരുന്നതിനായി ചീഫ് എൻജിനീയറോട് നിർദ്ദേശിക്കുന്നതാണ്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് സാധ്യതാപഠനം നടത്തുന്നതിനാവശ്യമായ ഭരണാനുമതി നൽകുന്നതുമാണ്.

(12) നിക്ഷിപ്ത വനഭൂമി സ്വകാര്യ പാട്ടഭൂമിയാക്കി മാറ്റിയ നടപടി

ശ്രീ. പി. കൃഷ്ണപ്രസാദ്: സർ, വയനാട്ടിലെ കാഞ്ഞിരംകാട് വില്ലേജിൽ നിക്ഷിപ്ത വനഭൂമി രേഖകൾ തിരുത്തി സ്വകാര്യഭൂമിയാക്കി മാറ്റിയ സംഭവമാണ് അവതരിപ്പിക്കാനുള്ളത്. ഇന്നത്തെ ഇൻഡ്യൻ എക്സ്പ്രസ്സ് പത്രത്തിൽ വളരെ പ്രാധാന്യത്തോടെ ഈ വാർത്ത വന്നിട്ടുണ്ട്. OA 356/1976-ാം നമ്പർ കേസിൽ 18-2-1985-ൽ ഫോറസ്റ്റ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിയിൽ സർവ്വേ നമ്പർ 238/9-ൽപ്പെട്ട ഭൂമി നിക്ഷിപ്ത വനഭൂമിയാണെന്ന് പറയുന്നുണ്ട്. പ്രസ്തുത ഭൂമി നിക്ഷിപ്ത വനഭൂമിയായി സംരക്ഷിക്കുന്നതാണെന്ന് ഈ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതും ഈ ഭൂമി നിക്ഷിപ്ത വനഭൂമിയാണെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുള്ളതുമാണ്. 1950-ലെ കേന്ദ്ര സർക്കാരിന്റെ കൺസർവേഷൻ ഓഫ് ഫോറസ്റ്റ് ആക്ട് പ്രകാരം ഇത് സംരക്ഷിക്കേണ്ട വനഭൂമിയാണെന്നാണ് ഫോറസ്റ്റ് വകുപ്പ് അവകാശപ്പെട്ടിരുന്നത്. എന്നാൽ 5-10-2007-ൽ കോഴിക്കോട് ഫോറസ്റ്റ് മിനി സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ നോർത്ത് വയനാട് ഡി. എഫ്. ഒ.-ക്ക് നൽകിയ റിപ്പോർട്ടിൽ 238/9 സബ്ഡിവിഷനിൽ 9-ാം കോളത്തിൽ വെസ്റ്റഡ് ഫോറസ്റ്റ് എന്നത് തിരുത്തി, റയട്ട്വാരി അൺഡെവലപ്ഡ് (RUD) അഥവാ തരിശായി കിടക്കുന്ന പാട്ടഭൂമി എന്നാക്കി മാറ്റി. ആ റിപ്പോർട്ടാണ് എന്റെ കൈവശമുള്ളത്. നിയമസഭയേയും ഹൈക്കോടതിയേയും ഗവൺമെന്റ് ഓഫ് ഇൻഡ്യയേയും എല്ലാം കബളിപ്പിച്ചുകൊണ്ട് വനംവകുപ്പ് നിക്ഷിപ്ത വനഭൂമി എന്ന് അവകാശപ്പെടുന്ന ഭൂമി വനം വകുപ്പിന്റെ തന്നെ രേഖയിൽ സ്വകാര്യ പാട്ടഭൂമിയാക്കി മാറ്റിയത് ഗുരുതരമായ കുറ്റകൃത്യമാണ്. 5-10-2007-ലെ റിപ്പോർട്ടിൽ പ്രസ്തുത സബ്ഡിവിഷൻ സ്റ്റേറ്റ്മെന്റിൽ അസിസ്റ്റന്റ് ഡയറക്ടർ ഫോറസ്റ്റ് മിനി സർവ്വേ, കണ്ണൂർ ഒപ്പിട്ടിട്ടില്ല എന്നാണ് പറയുന്നത്. സബ്ഡിവിഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ട അധികാരമുള്ള ഉദ്യോഗസ്ഥന്റെ ഒപ്പില്ലാത്ത കൃത്രിമ രേഖയാണ് ഇതെന്നാണ് ഇതിലൂടെ തെളിയുന്നത്. ഈ സബ്ഡിവിഷൻ സ്റ്റേറ്റ്മെന്റിന്റെ വിശദമായ പകർപ്പാണ് എന്റെ കൈവശമുള്ളത്. 5-10-2007-നുശേഷം രണ്ടരക്കൊല്ലം കഴിഞ്ഞു. കേരളത്തിലെ ഉന്നത ഉദ്യോഗസ്ഥന്മാരായ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ. റ്റി. എം. മനോഹരൻ അതുപോലെ കോഴിക്കോട് സി. സി. എഫ്. ശ്രീ. ആർ. എസ്. ശുക്ല തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരുടെ പരിഗണനയ്ക്ക് നിരവധി തവണ പ്രസ്തുത റിപ്പോർട്ടും ഈ പരാതികളുമെല്ലാം വന്നിട്ടും കുറ്റക്കാരെ കണ്ടെത്താനോ, കൃത്രിമം നടന്നത് തിരുത്താനോ തയ്യാറാകാത്തത് സംശയകരമാണ്. കുറ്റംചെയ്യുന്നവരെ സംരക്ഷിക്കാൻ എത്ര ഉയർന്ന ഉദ്യോഗസ്ഥർ ശ്രമിച്ചാലും വിട്ടുവീഴ്ച ചെയ്യരുതെന്നാണ് ഇതുസംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly